# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 199 — 25.04.2017 ൽ മറുപടിക്ക്

## മുൻ വിജിലൻസ് ഡി.ജി.പി. ഡോ.ജേക്കബ് തോമസിനെതിരെ നടപടി

| **ചോദ്യം:** **ശ്രീ. ഷാഫി പറമ്പിൽ** | **ഉത്തരം :** **ശ്രീ.പിണറായി വിജയൻ** **മുഖ്യമന്ത്രി** |
|---|---|
| **(എ)** വിജിലൻസ് ഡി.ജി.പി.യായി പ്രവർത്തിച്ച ഡോ. ജേക്കബ് തോമസിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 6.01.2016 നോ അതിനുശേഷമോ ചീഫ് സെക്രട്ടറിയ്ക്ക് കേന്ദ്ര ആഭ്യന്തര വകുപ്പിൽ നിന്ന് കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ; | **(എ)** ഉണ്ട്. അനുബന്ധം (1)-ൽ ചേർത്തിരിക്കുന്നു. |
| **(ബി)** ഇതിന്മേൽ ചീഫ് സെക്രട്ടറി എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | **(ബി)** റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| **(സി)** ഏത് തീയതിക്കാണ് ചീഫ് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചത്; ഇതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;<br><br>**(ഡി)** ഇതിന്മേൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചത്; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;<br><br>**(ഇ)** ഈ വിഷയത്തിൽ കേന്ദ്ര ആഭ്യന്തര വകുപ്പിൽ നിന്ന് 06.01.2016 ന് കത്ത് നൽകിയതിനെ തുടർന്നുള്ള ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം, നടപടി സ്വീകരിക്കേണ്ട ഒരു ഉദ്യോഗസ്ഥനെ വിജിലൻസ് ഡി.ജി.പിയായി നിയമിക്കാൻ കാരണം എന്താണ്; | **(സി), (ഡി) & (ഇ)** ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ നടപടി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ഇക്കാര്യം വിശദമാക്കി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് മറുപടി നൽകിയിട്ടുമുണ്ട്. ചട്ടപ്രകാരമാണ് ടിയാനെ വിജിലൻസ് ഡി.ജി.പിയായി നിയമിച്ചത്. |

(എഫ്) പോർട്ട് ഡയറക്ടറായിരിക്കെ ജേക്കബ് തോമസ് നടത്തിയ അഴിമതിക്കെതിരെ ധനകാര്യ പരിശോധന വിഭാഗം നടത്തിയ അന്വേഷണത്തെ തുടർന്ന് തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(എഫ്) ധനകാര്യ പരിശോധനാവിഭാഗം തുറമുഖ ഡയറക്ടറേറ്റിൽ 2014, 2015 വർഷങ്ങളിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് തുറമുഖ വകുപ്പിന്റെ പരിശോധനയിലാണ്.

(ജി) സ്റ്റോർ പർച്ചേസ് ഇൻസ്പെക്ഷൻ വിംഗ് നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ കാരണം എന്ത് എന്ന് വ്യക്തമാക്കുമോ?

(ജി) സ്റ്റോർ പർച്ചേസ് ഇൻസ്പെക്ഷൻ വിംഗ് തുറമുഖ വകുപ്പ് ഡയറക്ടറേറ്റിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് വകുപ്പ് പരിശോധിച്ചു വരികയാണ്.

Manoj M

സെക്ഷൻ ഓഫീസർ

**Confidential**

No. 24010/42/99-IPS-II
Government of India/Bharat Sarkar
Ministry of Home Affairs/Grih Mantralaya

North Block, New Delhi-1,
Dated, 6 January, 2016

To,

**The Chief Secretary,**
Government of Kerala,
Thiruvananthapuram.

Sub: Complaint against Shri Jacob Thomas, IPS (KL: 1985) - Reg.

Sir,

With reference to your letter no. 68576/Spl.C3/2015/GAD dated 03.12.2015, I am directed to invite your attention to Rule 13 (1) (b) of AIS (Conduct) Rules, 1968 which provides that no member of the Service shall except with the previous sanction of the Government undertake any other employment. DoPT's letter no. 11017/47/2005-AIS (III) dated 27.12.2005 (copy enclosed) provides that violation of the said Rule calls for initiation of disciplinary proceedings for major penalty under Rule 6 of AIS (D&A) Rules, 1969.

2. In view of the above, the Government of Kerala is requested to clarify as to why no disciplinary action has been taken against the moS under Rule 6 of AIS (D&A) Rules, 1969 for violation of aforesaid conduct rule.

Yours faithfully,

**(G.C. Yadav)**
Consultant (Police)
Tel. No. 23093256

Encl.: As above